# കോവിഡ് – 19

# നിയന്ത്രണങ്ങളോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ




GOVERNMENT OF KERALA




കോവിഡ് – 19 സമ്പർക്ക വ്യാപനവും കോവിഡ് മരണങ്ങളും കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതു ഇടപെടലുകൾ ധാരാളമായി ഉണ്ടാകുന്ന തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടത് നമ്മുടെയും സമൂഹത്തിന്റെയും സുരക്ഷയ്ക്ക് അത്യാവശ്യമാണ്.

# തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനം

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തിപ്പിന് ഏകദേശം 2 ലക്ഷം ജീവനക്കാരെ കമ്മിഷൻ നിയോഗിക്കും.**

**വരണാധികാരികൾ, ഉപവരണാധികാരികൾ, അസ്സിസ്റ്റന്റുമാർ എന്നിവർക്ക് രണ്ടു ദിവസത്തെയും പോളിംഗ്, കൗണ്ടിംഗ് ഡ്യൂട്ടി ഉള്ളവർക്ക് ഒരു ദിവസത്തെയും നേരിട്ടുള്ള പരിശീലനമാണ് നൽകുന്നത്.**





- പഞ്ചായത്തുകൾക്ക് ബ്ലോക്ക് തലത്തിലും മുനിസിപ്പാലിറ്റികൾക്ക് ജില്ലാ തലത്തിലും വിവിധ ബാച്ചുകളായി വേണം പരിശീലനം നടത്തേണ്ടത്. ഒരു ബാച്ചിൽ പരമാവധി 40 പേർ.

  സ്ഥല സൗകര്യമുള്ളതും വായു സഞ്ചാരമുള്ളതുമായ ഹാളുകളാണ് പരിശീലന കേന്ദ്രങ്ങളായി ഉപയോഗിക്കേണ്ടത്.

- എയർ കണ്ടിഷൻ ചെയ്ത ഹാളുകൾ ഒഴിവാക്കണം. ഫർണിച്ചറുകൾ, ഹാളുകൾ, എന്നിവ അണുവിമുക്തമാക്കണം.

- സാനിറ്റൈസർ പരിശീലന കേന്ദ്രത്തിനുള്ളിലും സോപ്പ്, വെള്ളം എന്നിവ പരിശീലന കേന്ദ്രത്തിനു പുറത്തും ലഭ്യമാക്കണം.
- പരിശീലന ഹാളിൽ പ്രവേശിക്കുമ്പോഴും പുറത്ത് പോകുമ്പോഴും സാനിറ്റൈസർ ഉപയോഗിക്കണം.
- പരിശീലനം ആരംഭിക്കുന്നതിനു മുൻപ് ശരീരോഷ്മാവ് അളക്കുന്നതിന് CHC/PHC യുടെ നേതൃത്വത്തിലുള്ള സംവിധാനം ഏർപ്പെടുത്തണം.





- പരിശീലന വേളയിലും, ഇടവേളകളിലും, പരിശീലനാർത്ഥികൾ നിർബന്ധമായും മാസ്ക് ധരിച്ചിരിക്കണം. രണ്ട് മീറ്റർ അകലം പാലിച്ചായിരിക്കണം സീറ്റുകൾ ക്രമീകരിക്കേണ്ടത്.
- കണ്ടയിൻമെൻറ് സോണുകളിലുള്ള / ക്വാറൻ്റൈനിലുള്ള പരിശീലനാർത്ഥികളുടെ പേര് വിവരം പ്രത്യേകം തയ്യാറാക്കേണ്ടതും അവർക്ക് പ്രത്യേകം പരിശീലനം നൽകേണ്ടതുമാണ്.

# രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല യോഗം

രാഷ്ട്രീയപാർട്ടികളുടെ ജില്ലാതല പ്രതിനിധികളുടെ യോഗം കമ്മിഷന്റെ നിർദേശാനുസരണം ജില്ലാ കലക്ടർമാർ വിളിച്ചു ചേർക്കും.



- ഒരു രാഷ്ട്രീയപാർട്ടിക്ക് ഒരു പ്രതിനിധി എന്ന നിലയ്ക്ക് പരമാവധി 40 പേർക്ക് പങ്കെടുക്കാം.



- സ്ഥല സൗകര്യമുള്ളതും വായു സഞ്ചാരമുള്ളതുമായ ഹാളിൽ വച്ച് വേണം യോഗം നടത്തേണ്ടത്.
- ഹാളിനുള്ളിൽ 2 മീറ്റർ അകലത്തിൽ വേണം സീറ്റുകൾ അറേഞ്ച് ചെയ്യേണ്ടത്.
- മാസ്ക് നിർബന്ധം. ഹാളിനുള്ളിൽ പ്രവേശിക്കുന്നതിന് മുൻപ് നിർബന്ധമായും സാനിറ്റൈസർ ഉപയോഗിക്കണം.

# EVM ഫസ്റ്റ് ലെവൽ ചെക്കിംഗ് (FLC)

**തെരഞ്ഞെടുപ്പിന് മുൻപ് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് എല്ലാ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ എൻജിനീയർമാർ പ്രവർത്തനസജ്ജമാണോ എന്ന് പരിശോധിക്കും.**





- എൻജിനീയർമാർമാർ കേരളത്തിനു പുറത്ത് നിന്നും വരുന്നവർ ആയതിനാൽ ആരോഗ്യ വകുപ്പ് നിർദേശിക്കുന്ന ക്വാറന്റൈനിൽ പ്രവേശിക്കണം. ഒരാഴ്ചയ്ക്ക് ശേഷം കോവിഡ് – 19 പരിശോധന നടത്തി ആരോഗ്യവകുപ്പിന്റെ നിർദേശാനുസരണം FLC പ്രവർത്തനം ആരംഭിക്കണം.
- ഓരോ ജില്ലയിലും FLC നടത്തുന്നതിന് ഏകദേശം ഒരു മാസ കാലയളവ് വേണ്ടി വരും. ഇതിന് പര്യാപ്തമായ രീതിയിൽ ഹാളിൽ ക്രമീകരണങ്ങൾ വരുത്തണം.

- സ്ഥലസൗകര്യം, വായു സഞ്ചാരം എന്നിവ പരിഗണിച്ച് വേണം ഹാളുകൾ സജ്ജമാക്കേണ്ടത്.
- FLC വേളയിൽ ഒരു രാഷ്ട്രീയ പാർട്ടിക്ക് ഒരു പ്രതിനിധിയെ പ്രവേശിപ്പിക്കാം. ഒരു ഹാളിൽ പരമാവധി 30 പേർ.
- FLC കേന്ദ്രത്തിനു പുറത്ത് സോപ്പ്, വെള്ളം എന്നിവ കരുതണം.



- FLC കേന്ദ്രങ്ങളിൽ സാമൂഹ്യഅകലം പാലിക്കണം. മാസ്ക്, സാനിറ്റൈസർ എന്നിവ നിർബന്ധമായും ഉപയോഗിക്കണം.

# നോമിനേഷൻ സ്വീകരിക്കൽ



നോമിനേഷൻ ഫാറവും, 2 A ഫാറവും

കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കും.

നോമിനേഷൻ ഫാറവും, 2 A ഫാറവും

പൂരിപ്പിച്ച് നിശ്ചിത സമയത്തേക്ക്

വരണാധികാരിക്ക് സമർപ്പിക്കേണ്ടതുണ്ട്.

- നോമിനേഷൻ സ്വീകരിക്കുന്നതിന് സൗകര്യപ്രദമായ ഹാൾ ഒരുക്കേണ്ടതും ഒരു സമയം ഒരു സ്ഥാനാർത്ഥിയുടെ ആളുകൾക്ക് മാത്രം ഹാളിൽ പ്രവേശനം അനുവദിക്കേണ്ടതുമാണ്.
- നോമിനേഷൻ സമർപ്പിക്കുന്നതിന് സ്ഥാനാർത്ഥിയോ നിർദേശകനോ ഉൾപ്പെടെ 3 പേരിൽ കൂടാൻ പാടില്ല.





- നോമിനേഷൻ സമർപ്പിക്കുന്നവർ ഹാളിൽ പ്രവേശിക്കുന്നതിന് മുൻപ് കൈ സോപ്പ് ഉപയോഗിച്ച് കഴുകുകയോ സാനിറ്റൈസർ ഉപയോഗിക്കുകയോ വേണം.
- നോമിനേഷൻ സമർപ്പിക്കുമ്പോൾ സാമൂഹ്യഅകലം പാലിക്കുകയും മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കുകയും വേണം.

- ആവശ്യമെങ്കിൽ നോമിനേഷൻ സമർപ്പിക്കുന്നതിന് സ്ഥാനാർത്ഥികൾക്ക് മുൻകൂറായി സമയം (time slot) അനുവദിക്കാം.



- ഒരു സമയം ഒന്നിലധികം സ്ഥാനാർത്ഥികൾ പത്രിക സമർപ്പിക്കുന്നതിന് വരുന്ന പക്ഷം മറ്റുള്ളവർക്ക് സാമൂഹിക അകലം പാലിച്ച് വിശ്രമിക്കുന്നതിനു വേറെ ഹാളിൽ സൗകര്യം ഒരുക്കേണ്ടതാണ്.

- വരണാധികാരി / ഉപവരണാധികാരി പത്രിക സ്വീകരിക്കുന്ന വേളയിൽ നിർബന്ധമായും മാസ്ക്, കയ്യുറ, ഫേയ്സ്ഷീൽഡ് എന്നിവ ധരിച്ചിരിക്കണം.
- ഓരോ സ്ഥാനാർത്ഥിയുടെയും നോമിനേഷൻ സ്വീകരിച്ചതിനു ശേഷം വരണാധികാരി / ഉപവരണാധികാരി സാനിറ്റൈസർ ഉപയോഗിക്കണം.
- സെക്യൂരിറ്റി നിക്ഷേപം ട്രഷറിയിലോ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലോ ഒടുക്കിയതിന്റെ ചെല്ലാൻ / രസീത് ഹാജരാക്കാം.

- നോമിനേഷൻ സമർപ്പിക്കാൻ വരുന്ന ഒരു സ്ഥാനാർത്ഥിക്ക് ഒരു വാഹനം മാത്രം.
- സ്ഥാനാർത്ഥിയോടൊപ്പം ആൾക്കൂട്ടമോ ജാഥയോ വാഹനവ്യൂഹമോ പാടില്ല.
- കണ്ടയിൻമെൻറ് സോണുകളിലുള്ളവരോ / ക്വാറന്റൈനിലുള്ളവരോ മുൻകൂട്ടി അറിയിച്ചു വേണം നോമിനേഷൻ സമർപ്പിക്കാൻ ഹാജരാകേണ്ടത്. വരണാധികാരികൾ അവർക്ക് പ്രത്യേക സമയം അനുവദിക്കേണ്ടതും ആവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്.



- സ്ഥാനാർത്ഥി കോവിഡ് പോസിറ്റീവ് ആണെങ്കിലോ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ക്വാറന്റൈനിൽ ആണെങ്കിലോ നാമനിർദ്ദേശപത്രിക നിർദ്ദേശകൻ മുഖാന്തിരം സമർപ്പിക്കേണ്ടതും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ സ്ഥാനാർത്ഥിക്ക് സത്യപ്രതിജ്ഞ ചെയ്ത് ഒപ്പ് രേഖപ്പെടുത്താവുന്നതും പ്രസ്തുത സത്യപ്രതിജ്ഞാരേഖ വരണാധികാരി മുൻപാകെ ഹാജരാക്കേണ്ടതുമാണ്.
- നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള നിയമപരമായ എല്ലാ വ്യവസ്ഥകളും നിർബന്ധമായും പാലിച്ചിരിക്കണം.

# സൂക്ഷ്മ പരിശോധന

നോമിനേഷനുകളുടെ സൂക്ഷ്മ പരിശോധന മുൻകൂട്ടി അറിയിക്കുന്നതനുസരിച്ച്

വരണാധികാരിയുടെ നേതൃത്വത്തിൽ നടത്തും.



- സൂക്ഷ്മ പരിശോധനയ്ക്ക് സൗകര്യപ്രദമായതും വായു സഞ്ചാരമുള്ളതുമായ ഹാൾ വേണം ഉപയോഗിക്കേണ്ടത്. ഹാൾ മുൻകൂട്ടി അണുവിമുക്തമാക്കണം.



- സൂക്ഷ്മ പരിശോധനവേളയിൽ ഓരോ വാർഡിലെയും സ്ഥാനാർത്ഥികൾക്കും നിർദ്ദേശകർക്കും ഏജന്റുമാർക്കും മാത്രം പ്രവേശനം അനുവദിക്കുക. പരമാവധി 30 പേർ മാത്രം.

- സാമൂഹിക അകലം പാലിച്ചു വേണം സ്ഥാനാർത്ഥികൾക്കും മറ്റും ഇരിപ്പിടങ്ങൾ തയ്യാറാക്കേണ്ടത്.
- സൂക്ഷ്മപരിശോധനാ വേളയിൽ വരണാധികാരി, ഉപവരണാധികാരി എന്നിവർ മാസ്ക്, കയ്യുറ, സാനിറ്റൈസർ, ഫേയ്സ്ഷീൽഡ് എന്നിവ നിർബന്ധമായും ഉപയോഗിക്കണം.
- സൂക്ഷ്മപരിശോധനയ്ക്ക് നിയമപരമായ എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കണം.

# സ്ഥാനാർത്ഥികളുടെ യോഗം


- വരണാധികാരി തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെ സംബന്ധിച്ചും മാതൃകാ പെരുമാറ്റചട്ടം സംബന്ധിച്ചും വിശദീകരിക്കുന്നതിന് സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയകക്ഷികളുടെയും യോഗം വിളിച്ച ചേർക്കണം.
- 30 പേരിൽ അധികരിക്കാത്ത വിധം ഒന്നിലധികം വാർഡുകളിലെ സ്ഥാനാർത്ഥികളെ ഒരേ സമയം വിളിക്കാവുന്നതാണ്.





- സ്ഥല സൗകര്യവും വായു സഞ്ചാരമുള്ളതുമായ ഹാൾ വേണം ഇതിനായി ഉപയോഗിക്കേണ്ടത്.
- സാമൂഹിക അകലം പാലിച്ചു കൊണ്ടുള്ള ഇരിപ്പിടങ്ങളാണ് ഒരുക്കേണ്ടത്.
- മാസ്ക്, സാനിറ്റൈസർ എന്നിവ നിർബന്ധമായും ഉപയോഗിക്കണം.

# പ്രചാരണത്തിൽ പങ്കെടുക്കുന്ന സ്ഥാനാർത്ഥിയും പ്രവർത്തകരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ




#COVID19
ഒഴിവാക്കൂ 3C
Break the Chain
Contact
Crowd
Closed Setting
അടുപ്പം വേണ്ട, ആൾക്കൂട്ടം വേണ്ട
അടഞ്ഞ സ്ഥലങ്ങൾ വേണ്ട

- ഭവന സന്ദർശന സംഘത്തിൽ  സ്ഥാനാർഥി ഉൾപ്പെടെ പരമാവധി അഞ്ചു പേർ മാത്രമേ പാടുള്ളൂ .
- കോവിഡ് പ്രോട്ടോകോൾ പാലിച്ചു വേണം സ്ഥാനാർഥികളും പ്രവർത്തകരും മറ്റും ഭവന സന്ദർശനം നടത്തേണ്ടത്.
- വീടുകൾക്കുള്ളിൽ പ്രവേശിക്കാതെ 2 മീറ്റർ അകലം പാലിച്ചു വോട്ടു അഭ്യർഥിക്കുക.
- എല്ലാ അംഗങ്ങളും മൂക്കും വായും മൂടും വിധം ശരിയായ രീതിയിൽ മാസ്ക് ധരിക്കുകയും പരസ്പരം അകലം പാലിക്കുകയും വേണം.





- സംസാരിക്കുമ്പോൾ ഒരു കാരണവശാലും മാസ്ക് താഴ്ത്തരുത്.
- ആലിംഗനം, ഹസ്തദാനം, അനുഗ്രഹം വാങ്ങൽ , ദേഹത്ത് സ്പർശിക്കുക , കുട്ടികളെ എടുക്കുക എന്നിവ ഒഴിവാക്കുക.
- കൈകൾ ഇടയ്ക്കിടയ്ക്ക് സാനിറ്റയിസർ ഉപയോഗിച്ച് അണുവിമുക്തമാക്കണം

- വിതരണത്തിനുള്ള നോട്ടീസുകളും ലഘുലേഖകളും പരിമിതപ്പെടുത്തി സോഷിയൽ മീഡിയയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- വയോജനങ്ങൾ, കുട്ടികൾ, ഗുരുതര രോഗങ്ങൾക്ക് മരുന്ന് കഴിക്കുന്നവർ, ഗർഭിണികൾ എന്നിവരോട് ഒരു കാരണവശാലും ഇടപഴകരുത്.



- പനി, ചുമ, തൊണ്ടവേദന തുടങ്ങിയ ലക്ഷണങ്ങളിൽ ഏതെങ്കിലും ഉണ്ടെങ്കിൽ പ്രചാരണത്തിന് ഇറങ്ങരുത്.




- മാസ്ക്, സാനിറ്റൈസർ, രണ്ടു മീറ്റർ ശാരീരിക അകലം പാലിക്കുക തുടങ്ങി കോവിഡ് പ്രതിരോധ സന്ദേശങ്ങൾ പ്രചാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം

- ഹാരം, ബൊക്കെ, നോട്ടുമാല, ഷാൾ തുടങ്ങിയവ സ്വീകരണ പരിപാടിയിൽ നിന്നും ഒഴിവാക്കണം
- പൊതുയോഗങ്ങൾ, കുടുംബയോഗങ്ങൾ എന്നിവ കോവിഡ് -19 നിയന്ത്രണങ്ങൾ പാലിച്ചു മാത്രമേ നടത്താൻ പാടുള്ളൂ.
- പൊതുയോഗങ്ങൾ നടത്തുന്നതിനു പോലീസിൻറെ മുൻകൂർ അനുമതി വാങ്ങണം.








- റോഡ്ഷോ/വാഹന റാലി എന്നിവയ്ക്ക് പരമാവധി 3 വാഹനങ്ങൾ മാത്രം
- ജാഥ, ആൾക്കൂട്ടം, കൊട്ടിക്കലാശം എന്നിവ കോവിഡ്-19 പശ്ചാത്തലത്തിൽ ഒഴിവാക്കേണ്ടതാണ്.

- പ്രചാരണ ശേഷം വീട്ടിൽ മടങ്ങിയെത്തിയാൽ ഉടൻ വസ്ത്രങ്ങൾ സോപ്പ് ഉപയോഗിച്ച് കഴുകി വെയിലത്തുണക്കിയോ/ഇസ്തിരിയിട്ടോ ഉപയോഗിക്കുക.
- കുളിച്ചു വൃത്തിയായ ശേഷം മാത്രം മറ്റുള്ളവരുമായി ഇടപെടുക
- കോവിഡ് പോസിറ്റീവ് രോഗികൾ , ക്വാറൻ്റൈനിൽ തുടരുന്നവർ എന്നിവരുടെ വീടുകളിൽ പോകാതെ ഫോൺ/സാമൂഹ്യ മാധ്യമങ്ങൾ വഴി വോട്ടു അഭ്യർഥിക്കുക.

- സ്ഥാനാർഥി കൊവിഡ് പോസിറ്റീവ് ആയാൽ പ്രചാരണത്തിൽ നിന്നും പിന്മാറി ക്വാറന്റൈനിൽ പ്രവേശിക്കുക.
- ടെസ്റ്റ് റിസൾട്ട് നെഗറ്റീവ് ആയതിനു ശേഷം ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം മാത്രമേ തുടർ പ്രവർത്തനം പാടുള്ളൂ



# കാൻഡിഡേറ്റ് സെറ്റിംഗ്

- വരണാധികാരികളുടെ നേതൃത്വത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കാൻഡിഡേറ്റു സെറ്റിംഗ് നടത്തും.
- സ്ഥല സൗകര്യമുള്ളതും വായുസഞ്ചാരമുള്ളതുമായ ഹാളുകളിൽ വച്ച് വേണം കാൻഡിഡേറ്റ് സെറ്റിംഗ് നടത്തേണ്ടത്.
- ഓരോ തദ്ദേശസ്ഥാപനത്തിനും പ്രത്യേകം ഹാളുകൾ നിശ്ചയിക്കേണ്ടതാണ്
- കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്ന ഹാളുകൾ തലേ ദിവസം അണുവിമുക്തമാക്കണം.

- ഒരു സ്ഥാനാർഥിക്ക് ഒരാൾ എന്ന നിലയിൽ ഹാളിൽ പ്രവേശനം അനുവദിക്കാം. പരമാവധി 30 പേർ.
- ഹാളിൽ സാമൂഹ്യ അകലം പാലിക്കുന്ന തരത്തിൽ വേണം സീറ്റുകൾ ക്രമീകരിക്കേണ്ടത്.
- മാസ്ക്ക്, കയ്യുറ, സാനിറ്റയിസർ എന്നിവ ഹാളിനുള്ളിൽ നിർബന്ധമായും ഉണ്ടാകണം
- കൈകൾ കഴുകുന്നതിനായി ഹാളിന്റെ പുറത്ത സോപ്പ്,വെള്ളം എന്നിവ ഉണ്ടായിരിക്കണം.



# പോളിംഗ് സാധനങ്ങളുടെ വിതരണം








പോളിംഗ് സാധനങ്ങൾ വോട്ടെടുപ്പിന് തലേദിവസം

വിതരണം ചെയ്യേണ്ടതും വോട്ടെടുപ്പിന് ശേഷം അവ

തിരികെ വാങ്ങി സ്ട്രോങ്ങ് റൂമിൽ

സൂക്ഷിക്കേണ്ടതുമാണ്.




പഞ്ചായത്തുകൾക്ക് ബ്ലോക്ക് തലത്തിലാണ്

വിതരണ സ്വീകരണ കേന്ദ്രങ്ങൾ

മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് ആ

സ്ഥാപനത്തിലാണ് അവ വിതരണം ചെയ്യുന്നത്.

- വിതരണ സ്വീകരണ കേന്ദ്രങ്ങൾ തലേ ദിവസവും പോളിംഗ് ദിവസവും അണുവിമുക്തമാക്കണം.
- ഓരോ ബൂത്തിലെയും വോട്ടെടുപ്പിന് ആവശ്യമുള്ള സാധന സാമഗ്രികൾ ഒരാഴ്ച മുൻപ് പ്രത്യേകം പായ്ക്ക് ചെയ്ത് സൂക്ഷിക്കണം.
- തെരഞ്ഞെടുപ്പ് സാധനങ്ങൾ പായ്ക്ക് ചെയ്യുന്ന ഉദ്യോഗസ്ഥർ നിർബന്ധമായും കൈയ്യുറ, മാസ്ക്ക് എന്നിവ ധരിച്ചിരിക്കണം. കൂടാതെ സാനിറ്റൈസർ കൃത്യമായി ഉപയോഗിക്കുകയും വേണം.

- വിതരണം നടത്തുന്നതിനും തിരികെ വാങ്ങുന്നതിനും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് മാസ്ക്,കയ്യുറ,സാനിറ്റൈസർ നിർബന്ധമാണ്.



- ഓരോ ബ്ലോക്കിനും കീഴിലുള്ള പഞ്ചായത്തുകൾക്ക് വിതരണത്തിനായി വെവ്വേറെ സമയം നിശ്ചയിക്കണം.




- പോളിംഗ് ഉദ്യോഗസ്ഥർ പോളിങ്ങിനു തലേ ദിവസം നിശ്ചിത സമയത്ത് തങ്ങളുടെ വിതരണ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും, ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനുകളിൽ ഇവരെ എത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ട വാഹനത്തിൽ പ്രവേശിക്കേണ്ടതുമാണ്.
- പോളിംഗ് സാധനങ്ങളുടെ പായ്ക്കറ്റ്(കിറ്റ്) മേൽ വിവരിച്ച പ്രകാരം മുന്കൂട്ടി നിശ്ചയിക്കപ്പെട്ട വാഹനത്തിൽ സജ്ജമാക്കണം.

- പോളിംഗ് ഉദ്യോഗസ്ഥരെയും പോളിംഗ് സാധനങ്ങളും നിശ്ചിത വാഹനങ്ങളിൽ പോളിംഗ് സ്റ്റേഷനിൽ എത്തിക്കും. (4 ബൂത്തിനു ഒരു ബസ്, 21 പേരും സാധനങ്ങളും)
- വോട്ടെടുപ്പിന് ശേഷം അപ്രകാരം തന്നെ തിരികെ സ്വീകരണ കേന്ദ്രത്തിൽ എത്തിക്കണം.



# പോളിംഗ് ബൂത്തുകൾ




# പോളിംഗ് ബൂത്തുകൾ

- എല്ലാ പോളിംഗ് സ്റ്റേഷനുകളും തലേ ദിവസം അണുവിമുക്തമാക്കണം.
- ഒരു പോളിംഗ് സ്റ്റേഷനിൽ 4 പോളിംഗ് ഉദ്യോഗസ്ഥരും, ഒരു അറ്റൻഡറും ഒരു പോലീസ് ഉദ്യോഗസ്ഥനും ഉണ്ടാകും.
- സ്ഥാനാർഥികളുടെ ബൂത്ത് ഏജന്റുമാർ 10-ൽ കൂടാൻ പാടില്ല.

- പോളിംഗ് ഏജന്റുമാരുടെ ഇരിപ്പിടങ്ങൾ സാമൂഹിക അകലം പാലിച്ചു വേണം ക്രമീകരിക്കേണ്ടത്.
- പോളിംഗ് ഉദ്യോഗസ്ഥർ തലേ ദിവസം മുതൽ പോളിംഗ് സ്റ്റേഷനിൽ താമസിക്കണം.
- പോളിംഗ് ബൂത്തിന് പുറത്തു വെള്ളം, സോപ്പ്,എന്നിവയും ബൂത്തിനകത്തു സാനിട്ടൈസറും നിർബന്ധമായും കരുതണം.

- പോളിംഗ് ബൂത്തിനു മുൻപിൽ വോട്ടർമാർക്ക് സാമൂഹ്യ അകലം പാലിച്ചു ക്യു നിൽക്കുന്നതിനു നിശ്ചിത അകലത്തിൽ പ്രത്യേകം മാർക്ക് ചെയ്യണം.



- സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ക്യു ഉണ്ടാകണം.
- പ്രായമായവർ, ഭിന്നശേഷിക്കാർ, രോഗികൾ എന്നിവർക്ക് ക്യൂ നിർബന്ധമില്ല.



- പോളിംഗ് സ്റ്റേഷനുകളുടെ നിശ്ചിത ദൂരപരിധിക്ക് പുറത്ത് സ്ഥാനാർഥികളോ മറ്റോ സ്ലിപ്പ് വിതരണം നടത്തുന്ന സ്ഥലത്ത് സോപ്പ്,വെള്ളം, സാനിറ്റയിസർ എന്നിവ നിർബന്ധമായും കരുതണം.
- സ്ലിപ്പ് വിതരണം നടത്തുന്നവർ മാസ്ക്, കൈയ്യുറ നിർബന്ധമായും ധരിക്കേണ്ടതാണ്.

# വോട്ടെടുപ്പ്



# വോട്ടെടുപ്പ്

- പോളിംഗ് ഉദ്യോഗസ്ഥർ ഫെയ്സ് ഷീൽഡ്, മാസ്ക്, കൈയ്യുറ. സാനിറ്റയിസർ എന്നിവ നിർബന്ധമായും ഉപയോഗിക്കണം.
- പോളിംഗ് ഏജന്റുമാർക്കും മാസ്ക്,സാനിറ്റയിസർ എന്നിവ നിർബന്ധമാണ്
- വോട്ടർമാർ പോളിംഗ് ബൂത്തിലേക്ക് പ്രവേശിക്കുമ്പോഴും പുറത്തേയ്ക്ക് പോകുമ്പോഴും നിർബന്ധമായും സാനിറ്റയിസർ ഉപയോഗിക്കണം.

- പോളിംഗ് ബൂത്തിൽ പ്രവേശിക്കുന്ന വോട്ടർമാർ തിരിച്ചറിയൽ രേഖ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.
- വോട്ടർമാർ മാസ്ക്ക് നിർബന്ധമായും ധരിച്ചിരിക്കണം.
- തിരിച്ചറിയൽ വേളയിൽ മാത്രം ആവശ്യമെങ്കിൽ മാസ്ക്ക് മാറ്റണം.
- വോട്ടർമാർ രജിസ്റ്ററിൽ ഒപ്പ്, വിരലടയാളം പതിക്കണം.





- വോട്ടർമാരുടെ വിരലിൽ ശ്രദ്ധാപൂർവ്വം വേണം മഷി പുരട്ടേണ്ടത്.
- ത്രിതല പഞ്ചായത്തുകൾക്ക് 3 വോട്ടും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് 1 വോട്ടുമാണ് രേഖപ്പെടുത്തേണ്ടത്.
- ബൂത്തിനകത്ത് ഒരേ സമയം 3 വോട്ടർമാർക്ക് സാമൂഹ്യ അകലം പാലിച്ച് പ്രവേശിക്കാം.

- കോവിഡ് 19 പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിലുള്ളവർക്കും തിരഞ്ഞെടുപ്പ് ഡ്യുട്ടിയിലുള്ളവർക്കും തപാൽ വോട്ട് ആണ്.
- തപാൽ ബാലറ്റ് വിതരണം ചെയ്യുന്നവരും തപാൽ വോട്ട് തിരികെ സ്വീകരിക്കുന്നവരും നിർബന്ധമായും കൈയ്യുറ,മാസ്ക്ക്, സാനിറ്റയിസർ എന്നിവ ഉപയോഗിക്കണം.



## വോട്ടെടുപ്പിന് ശേഷം രേഖകൾ പ്രത്യേകം പായ്ക്കറ്റുകളിലാക്കി സ്വീകരണ കേന്ദ്രത്തിൽ തിരികെ ഏല്പ്പിക്കണം.



# വോട്ടെണ്ണൽ

- വോട്ടെണ്ണൽ കേന്ദ്രങ്ങൾ തലേദിവസം അണുവിമുക്തമാക്കണം.
- വോട്ടെണ്ണൽ അതാത് വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ വച്ച് വേണം നടത്തേണ്ടത്.
- കൗണ്ടിംഗ് ഓഫീസർമാർ നിർബന്ധമായും കൈയ്യുറ,മാസ്ക് എന്നിവ ഉപയോഗിക്കണം.
- ഹാളിൽ പ്രവേശിക്കുമ്പോഴും പുറത്തേയ്ക്ക് ഇറങ്ങുമ്പോഴും സാനിറ്റയിസർ നിർബന്ധമായും ഉപയോഗിക്കണം.





- സ്ഥാനാർഥികൾ, കൌണ്ടിംഗ് ഏജന്റ്മാർ എന്നിവർ മാസ്ക്ക്,സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം.
- സാമൂഹ്യ അകലം പാലിച്ചു വേണം കൌണ്ടിംഗ് ടേബിളുകൾ സജ്ജമാക്കേണ്ടത്.
- വിജയാഹ്ലാദ പ്രകടനങ്ങൾ കോവിഡ്- 19 മാനദണ്ഡം പാലിച്ചു മാത്രമെ നടത്താൻ പാടുള്ളൂ



# നന്ദി